പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2974

22-06-2012 – ൽ മറുപടിയ്ക്ക്

## കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ.എ.റ്റി. ജോർജ്<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.കെ.ശിവദാസൻ നായർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്. വിശദാംശങ്ങൾ എന്തെല്ലാം; | (എ) കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കസ്റ്റം ഹയറിംഗ് സെന്ററുകൾ പത്തനംതിട്ട(തിരുവല്ല),ആലപ്പുഴ (അമ്പലപ്പുഴ), കോട്ടയം (വൈക്കം), തൃശൂർ (അരിമ്പൂർ), പാലക്കാട് ജില്ലാ ഓഫീസുകളിൽ പ്രവർത്തിച്ചു വരുന്നു. ആർ.കെ.വി.വൈ, കുട്ടനാട് പാക്കേജ്, സ്റ്റേറ്റ് ഫുഡ് സെക്യൂരിറ്റി പ്രോഗ്രാം, സ്മാൾ ഫാം മെക്കനൈസേഷൻ എന്നീ സ്കീമുകൾ വഴി, കമ്പയിൻ ഹാർവെസ്റ്റർ, ട്രാക്ടർ, പവർ റീപ്പർ, ട്രാൻസ്പ്ലാന്റർ, റോട്ടവേറ്റർ എന്നീ യന്ത്രങ്ങൾ പാടശേഖര സമിതികൾക്ക് മറ്റ് സ്വകാര്യ വ്യക്തികൾ നല്കുന്ന നിരക്കിനേക്കാൾ താഴ്ന്ന നിരക്കിൽ വാടകയ്ക്ക് നൽകിവരുന്നു. ഇതുകൂടാതെ യുവതീ-യുവാക്കൾക്ക് ആധുനിക കാർഷിക യന്ത്രങ്ങളിൽ വേണ്ടതായ പരിശീലനം നൽകി, കാർഷിക പ്രവൃത്തികൾ അനായാസകരവും ആദായകരമാക്കുക, വർദ്ധിച്ചു വരുന്ന തൊഴിലാളിക്ഷാമം പരിഹരിക്കുക എന്നീ ഉദ്ദേശ-ലക്ഷ്യങ്ങളോടെ കെയ്കോയുടെ തിരുവനന്തപുരം, ആലപ്പുഴ, തൃശൂർ, കണ്ണൂർ എന്നീ ജില്ലാ ഓഫീസുകളിൽ അഗ്രോ-തൊഴിൽ സേന (മെക്കനൈസ്ഡ് ലേബർ ബാങ്ക്) തുടങ്ങിയിട്ടുണ്ട്. കോൾ പാടശേഖരങ്ങളിലെ കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കോൾ പാടങ്ങളിലെ മെക്കനൈസേഷൻ പാക്കേജ്, ആർ.കെ. വി.വൈ സ്കീമിൽ പെടുത്തി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി കാർഷിക യന്ത്രങ്ങൾ കുറഞ്ഞ വാടകയ്ക്ക് ലഭ്യമാക്കുന്നതിന് നടപടി കൈക്കൊള്ളുമോ; | (ബി) | എല്ലാ ജില്ലകളിലേയും കൃഷി എഞ്ചിനീയറിംഗ് ഓഫീസുകളിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംഗ് സെന്ററുകൾ വഴിയും കെയ്കോ വഴിയും കർഷകർക്ക് ട്രാക്ടർ, മിനി ട്രാക്ടർ, പവർ ടില്ലർ, ഗാർഡൻ ടില്ലർ, വീഡ്കട്ടർ, ഞാറു നടീൽ യന്ത്രം, കൊയ്ത്തുമെതിയന്ത്രം, വയ്ക്കോൽ കെട്ടുന്ന യന്ത്രം തുടങ്ങിയവ കുറഞ്ഞ വാടക നിരക്കിൽ നൽകിവരുന്നു. കൂടാതെ അഗ്രോ തൊഴിൽ സേനയിലൂടെ മിതമായ വാടകയ്ക്ക് ഓപ്പറേറ്റർ സഹിതം കാർഷിക യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കി വരുന്നു. |
| (സി) | കാർഷിക യന്ത്രങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; | (സി) | കാർഷിക യന്ത്രങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനായി കെയ്കോ പത്തനംതിട്ട (തിരുവല്ല) ആലപ്പുഴ (അമ്പലപ്പുഴ) കോട്ടയം (വൈക്കം), തൃശൂർ (അരിമ്പൂർ), പാലക്കാട് ജില്ലാ ഓഫീസുകളിൽ വർക്ക്ഷോപ്പ് സൗകര്യം സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ കെയ്കോ യുടെ മറ്റു ജില്ലാ ഓഫീസുകളിൽ കാർഷികയന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അഗ്രോ തൊഴിൽ സേനയിലെ അംഗങ്ങൾക്കും യന്ത്രങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നു. |
| (ഡി) | ഇതിനായി കാർഷിക സേവന കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | മേൽപ്പറഞ്ഞത് കൂടാതെ ഇത്തരം കാർഷിക സേവന കേന്ദ്രങ്ങൾ കൃഷി വകുപ്പിന്റെ ജില്ലാതലത്തിലുള്ള എഞ്ചിനീയറിംഗ് ഓഫീസുകളിലും പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ